# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5717 02.07.2014 – ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം ജില്ലയിൽ എത്ര കുടിവെള്ള പദ്ധതികൾ ആരംഭിച്ചുവെന്നും എത്രയെണ്ണം പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം ജില്ലയിൽ കേരള വാട്ടർ അതോറിറ്റി ആരംഭിച്ച കുടിവെള്ള പദ്ധതികളുടെയും പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം 'എ' യിലും 'ബി' യിലുമായി ചേർത്തിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂജല വകുപ്പ്, മലപ്പുറം ജില്ലയിൽ 12 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2014-15-ൽ ഭരണാനുമതി ലഭിച്ചിട്ടുള്ള 12 പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം ജില്ലയിൽ ജലനിധി രണ്ടാംഘട്ടത്തിൽ ചെറുതും വലുതുമായ 84 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. പുതുതായി ചെറുതും വലുതുമായ 5 പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പുതുതായി ആരംഭിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ബി) പുതുതായി കേരള വാട്ടർ അതോറിറ്റി ആരംഭിക്കുന്ന പദ്ധതികളുടെയും പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വകയിരിത്തിയിട്ടുണ്ടെന്നും ഉള്ളത് അനുബന്ധം (ബി) ആയി ചേർക്കുന്നു.

2014-15-ൽ ഭൂജലവകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ള 12 കുടിവെള്ള പദ്ധതികൾ, ഭരണാനുമതി തുക എന്നിവ താഴെ പറയുന്നു.

1. ഒതുക്കുങ്ങൽ പഞ്ചായത്തിൽ മറ്റത്തൂർ കൊങ്ങാംപറമ്പ കുടിവെള്ള പദ്ധതി 5,53,000/- രൂപ.
2. എടപ്പറ്റ പഞ്ചായത്തിൽ മുച്ചിക്കൽകുണ്ട് കുടിവെള്ള പദ്ധതി 3,90,000/- രൂപ.
3. എടപ്പറ്റ പഞ്ചായത്തിൽ ഓലപ്പാറ കുടിവെള്ള പദ്ധതി 3,62,000/- രൂപ.
4. എടപ്പറ്റ പഞ്ചായത്തിൽ പെട്ടിയോടത്താൽ എസ്.സി. കോളനി കുടിവെള്ള പദ്ധതി 3,60,000/- രൂപ.
5. എടപ്പറ്റ പഞ്ചായത്തിൽ വടക്കുംപറമ്പ കുടിവെള്ള പദ്ധതി 3,76,000/- രൂപ.
6. കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽ ഇന്ത്യനൂർ-പള്ളിപ്പറമ്പ് കുടിവെള്ള പദ്ധതി 6,90,000/- രൂപ.
7. എടപ്പറ്റ പഞ്ചായത്തിൽ സ്രാമ്പിക്കൽ കുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി 3,74,000/- രൂപ.
8. മൊറയൂർ പഞ്ചായത്തിൽ വാക്യതൊടി കുടിവെള്ള പദ്ധതി 5,35,000/- രൂപ.
9. കോട്ടയ്ക്കൽ പഞ്ചായത്തിൽ കാവതികുളം കുടിവെള്ള പദ്ധതി 5,10,000/- രൂപ.
10. ഒതുക്കുങ്ങൽ പഞ്ചായത്തിൽ കുറുകുണ്ട് കുടിവെള്ള പദ്ധതി 7,34,000/- രൂപ.
11. പുളിക്കൽ പഞ്ചായത്തിൽ മങ്ങാട്ടുമുറി കുടിവെള്ള പദ്ധതി 4,50,000/- രൂപ.
12. തിരൂർ പഞ്ചായത്തിൽ മുത്തൂർ അംഗൻവാടി കുടിവെള്ള പദ്ധതി 72,525/- രൂപ.

പുതുതായി ജലനിധിയുടെ കീഴിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

1. ജലനിധിയും കെ.ഡബ്ല്യു.എ.യും സംയുക്തമായി നടപ്പാക്കുന്ന ഊരകം, വേങ്ങര, പരപ്പൂർ (ഭാഗികം) എന്നീ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി.
2. ജലനിധിയും കെ.ഡബ്ല്യു.എ.യും സംയുക്തമായി നടപ്പാക്കുന്ന പെരുമണ്ണക്ലാരി, ഒഴൂർ, തെന്നല എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി.
3. ചോക്കാട് മണിമല കുടിവെള്ള പദ്ധതി
4. ഊർങ്ങാട്ടിരി കുടിവെള്ള പദ്ധതി വിപുലീകരണം.
5. ഉഗ്രപുരം കുടിവെള്ള പദ്ധതി വിപുലീകരണം.

(സി) താനൂർ നിയോജകമണ്ഡലത്തിൽ പ്രവൃത്തി നടക്കുന്ന എത്ര കുടിവെള്ള പദ്ധതികളുണ്ടെന്നും അവയുടെ പണി എന്ന് പൂർത്തിയാകുമെന്നും അറിയിക്കുമോ?

(സി) താനൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകി ഏറ്റെടുത്ത് നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കെ.എസ്.സി.എ.ഡി.സി. - ഇന്റഗ്രേറ്റഡ് ഡെവലപ്പമെന്റ് ഫിഷിംഗ് ഗ്രാമങ്ങൾ - താനൂർ ഫിഷിംഗ് ഗ്രാമങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി മെച്ചപ്പെടുത്തൽ. | 200 ലക്ഷം |
| 2 | മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം (താനൂർ), മൂസാഹാജിപ്പടി കുടിവെള്ള വിതരണ പദ്ധതി | 24.75 ലക്ഷം |

| | | |
|---|---|---|
| 3 | ചെറിയമുണ്ടം - പൊൻമുണ്ടം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി -നെല്ലിക്കാട് ചേനപ്പുറത്തിൽ കാലഹരണപ്പെട്ട പൈപ്പ് മാറ്റിയിടൽ പദ്ധതി | 9.50 ലക്ഷം |
| 4 | ഡെപ്പോസിറ്റ് വർക്ക് - ചെറിയമുണ്ടം പഞ്ചായത്ത് - കെ.വി.പി. 2013-14 (പ്രോജക്ട് നമ്പർ എസ്. 50/2014) - ചെറിയമുണ്ടം പഞ്ചായത്തിലെ വാർഡ് നമ്പർ 14-ലെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 1.5 ലക്ഷം |

മേൽ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. ഇതു കൂടാതെ താനൂരും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കു വേണ്ടി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നുണ്ട്. ഇതിന്റെ പ്രാരംഭ പ്രവൃത്തികൾക്കായി 2014-15 ബജറ്റ് അനൗൺസ്മെന്റിൽ വകയിരുത്തിയിട്ടുണ്ട്.

ജലനിധിയുടെ കീഴിൽ താനൂർ നിയോജക മണ്ഡലത്തിൽ ഒഴൂർ ഗ്രാമ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതി 2016 മാർച്ച് മാസം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**